# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3744 | 11.11.2019- ൽ മറുപടിയ്ക്ക്

### ലോക കേരള സഭ

| ചോദ്യം<br>ശ്രീ.കെ.സി.ജോസഫ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | ലോക കേരള സഭയുടെ രണ്ടാം സമ്മേളനം 2020 ജനുവരിയിൽ ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഒന്നാം ലോക കേരള സഭയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങളിൽ ഏതെല്ലാം ഇതിനകം നടപ്പിലാക്കിയെന്ന് അറിയിക്കാമോ; | ബി) | പ്രഥമ ലോക കേരള സഭാ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ കാര്യക്ഷമമായ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി ഏഴ് വിഷയാധിഷ്ഠിത സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിച്ചു. ഈ കമ്മിറ്റികൾ യഥാക്രമം യോഗങ്ങൾ നടത്തുകയും ശിപാർശകൾ സമർപ്പിക്കുകയും ചെയ്തു. ഇതിൽ നിന്ന് പ്രായോഗികത, ഫണ്ട് ലഭ്യത എന്നിവയുടെ അടിസ്ഥാനത്തിൽ നടപ്പാക്കാൻ തെരഞ്ഞെടുത്ത ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>1. പ്രവാസി മലയാളികളിൽ നിന്നും 74% ഓഹരി മൂലധന നിക്ഷേപം സമാഹരിച്ചുകൊണ്ടും 26% ഓഹരി മൂലധനം സർക്കാർ നിക്ഷേപിച്ചു കൊണ്ടും ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിങ്ങ് ലിമിറ്റഡ് എന്ന നിക്ഷേപ കമ്പനി രൂപീകരിച്ചു. പ്രവാസികളുടെ സാമ്പത്തികവും സാങ്കേതികവുമായ സഹകരണത്തോടുകൂടിയ നിക്ഷേപസാദ്ധ്യതകളെ |

| | | | |
|---|---|---|---|
| • | | | കണ്ടെത്തുന്നതിനുൾപ്പെടെയുള്ള തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നു. നോൺ കേരളൈറ്റ്സ് എമർജിങ്ങ് എന്റർപ്രണേഴ്സ് മീറ്റ് (നീം) സംഘടിപ്പിച്ചിട്ടുള്ളത് ഇതിന്റെ തുടർച്ചയായിട്ടാണ്.<br>2. പുതുതായി രൂപീകരിച്ച ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിങ്ങ് ലിമിറ്റഡ് എന്ന കമ്പനിയുടെ അനുബന്ധ കമ്പനിയായി എൻ.ആർ.ഐ. കൺസ്ട്രക്ഷൻ കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.<br>3. പ്രവാസി മലയാളി വനിതകളുടെ സുരക്ഷിതമായ കുടിയേറ്റം ഉറപ്പുവരുത്തുന്നതിനും ഗാർഹിക പീഡനം അവസാനിപ്പിക്കുന്നതിനും പ്രവാസി വനിതകളുടെ പരാതികൾ സ്വീകരിക്കുന്നതിനും വേണ്ടി നോർക്ക റൂട്ട്സിൽ എൻ.ആർ.ഐ. വനിത സെൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>4. കുടിയേറ്റ പഠനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് International Migration Centre സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് മുഖാന്തിരം നടപടികൾ സ്വീകരിച്ച വരുന്നു.<br>5. മനുഷ്യക്കടത്ത്, വിവേചനം, ചൂഷണം എന്നിവ തടയുന്നതിനും വിദേശരാജ്യങ്ങളിൽ പ്രതീക്ഷിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് കുടിയേറ്റത്തിന് തയ്യാറാകുന്നവർക്ക് ബോധവൽക്കരണം നൽകുന്നതിനും എയർപോർട്ടുകൾ കേന്ദ്രീകരിച്ച് Migration Facilitation Centre ഉം പാസ്സ്പോർട്ട് ഓഫീസുകളിൽ Pre-embarkment Orientation സെന്ററും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>6. നൈപുണ്യം മെച്ചപ്പെടുത്തുക, ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം |

| | | | |
|---|---|---|---|
| | | | ഉയർത്തുക, സ്കിൽ ഡെവലപ്മെന്റ് സെന്റർ സ്ഥാപിക്കുക, വിദേശ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുക, വിദേശ രാജ്യങ്ങളിലെ സർവ്വകലാശാലകളുമായി ആശയവിനിമയം നടത്തുന്നതിന് student exchange programme സംഘടിപ്പിക്കുക എന്നീ വിഷയങ്ങളിന്മേൽ പഠനം നടത്തുന്നതിന് വേണ്ടി ഹൈ പവർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.<br>7. പ്രവാസികൾക്കായി ആരംഭിക്കുന്ന പ്രസിദ്ധീകരണത്തിന്റെ പത്രാധിപ സമിതി രൂപീകരിച്ച് പ്രസിദ്ധീകരിക്കുന്നതിനുള്ള തുടർ നടപടികൾ പുരോഗമിക്കുന്നു.<br>8. തിരുവനന്തപുരം കേന്ദ്രമാക്കി സംസ്ഥാനമാകെ പ്രവർത്തന പരിധിയുള്ള ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള തുടർ നടപടികൾ കൈക്കൊണ്ടു വരുന്നു.<br>9. ഇതു കൂടാതെ പ്രവാസികളുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരത്തിനായി എല്ലാ ജില്ലയിലും ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടന്നു വരുന്നു.<br>10. എൻ.ആർ.ഐ. ബാങ്ക് ആരംഭിക്കുന്നതും എൻ.ആർ.ഐ. യൂത്ത് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നതും സംബന്ധിച്ച തുടർ നടപടികൾ താൽക്കാലികമായി നിർത്തിവെച്ചിരിക്കുന്നു. |
| സി) | രണ്ടാം ലോക കേരള സഭയ്ക്കായി എന്ത് തുക ചെലവ് വരുമെന്നാണ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കാമോ; | സി) | രണ്ടാം ലോക കേരള സഭ സമ്മേളനത്തിന്റെ നടത്തിപ്പിനുള്ള ചെലവ് ഈ ഘട്ടത്തിൽ കൃത്യമായി കണക്കാക്കാൻ കഴിയുകയില്ല |
| ഡി) | ലോക കേരള സഭയിൽ നിന്നും പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ രാജി വച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണെന്ന് അറിയിക്കുമോ; | ഡി) | ഉണ്ട്. |

| | | | |
|---|---|---|---|
| (ഇ) | പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലുള്ള അലംഭാവമുണ്ടെന്നും ഇവിടെ നിക്ഷേപം നടത്തുവാൻ മുന്നോട്ട് വന്ന സാജനെന്ന പ്രവാസി സംരംഭകന് അധികൃതരുടെ നിഷേധാത്മകമായ നിലപാട് മൂലം ആത്മഹത്യ ചെയ്യേണ്ടി വന്നു എന്നുമുള്ള ആക്ഷേപങ്ങൾ ലോക കേരള സഭയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പരാജയപ്പെട്ടു എന്ന് സൂചിപ്പിക്കുന്നുണ്ടോ? | (ഇ) | ഇല്ല. |

സെക്ഷൻ ഓഫീസർ